മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ...ഓർഡർ.... ചോദ്യം നമ്പർ *31 ഉം ചോദ്യം നമ്പർ *42 ഉം ക്ലബ് ചെയ്യുന്നു.

## നവജാതശിശുക്കളുടെ മരണം

(*31) ശ്രീ. ജോസ് തെറ്റയിൽ:
ശ്രീ. മാത്യു റ്റി. തോമസ്:
ശ്രീമതി ജമീലാ പ്രകാശം:
ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവജാതശിശുക്കളുടെ മരണം തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന അട്ടപ്പാടിയിൽ കാര്യങ്ങൾ നേരിട്ട് നിരീക്ഷിക്കാനും പ്രതിവിധി നടപടികൾ നിർദ്ദേശിക്കാനുമായി എസ്.എം. വിജയാനന്ദ് ഐ.എ.എസ്.-ന്റെ നേതൃത്വത്തിൽ കേന്ദ്രഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നോ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ആ കമ്മിറ്റിയുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത് സംബന്ധിച്ച് എസ്.എം. വിജയാനന്ദ് ഐ.എ.എസ്. കേന്ദ്ര

സർക്കാരിനോ സംസ്ഥാന സർക്കാരിനോ എന്തെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ,

(എ & ബി) അട്ടപ്പാടിയിൽ നവജാത ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ സ്ഥിതിഗതികൾ നിരീക്ഷിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുമായി മുൻ കേന്ദ്രമന്ത്രി ശ്രീ. ജയറാം രമേശിന്റെ നിർദ്ദേശാനുസരണം കേന്ദ്ര ഗ്രാമവികസന വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. എസ്.എം. വിജയാനന്ദിനെ കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തി.

(സി) ഇപ്പോൾ നിലവിലില്ല.

(ഡി) സംസ്ഥാന സർക്കാരിന് ഇതുസംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

<u>ആദിവാസി മേഖലയിൽ കണ്ടുവരുന്ന ആരോഗ്യപ്രശ്നങ്ങളും ശിശുമരണങ്ങളും</u>

(*42) <u>ശ്രീ. എ. കെ. ബാലൻ:</u>
<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u>
<u>ശ്രീ. എസ്. രാജേന്ദ്രൻ:</u>
<u>ശ്രീ. ജി. സുധാകരൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിൽ കണ്ടുവരുന്ന പോഷകാഹാര കുറവും കുട്ടശിശുമരണങ്ങളും, നിലവിലും പരിഹരിക്കുന്നതിന് സാദ്ധ്യമാകുന്നില്ല എന്നും, ഇത്തരം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഈ മേഖലയിൽ നിലനിൽക്കുന്നതായുമുള്ള പഠന റിപ്പോർട്ടുകളിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(ബി) ആദിവാസികൾക്ക് ആരോഗ്യരംഗത്ത് സംരക്ഷണം നൽകുമെന്ന് നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ആദിവാസി സമൂഹത്തോട് കാണിക്കുന്ന അവഗണന കാരണമാണ് ഇത്തരത്തിൽ ദുരിതങ്ങൾ ആവർത്തിക്കപ്പെടുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആദിവാസി ജനവിഭാഗങ്ങൾ നേരിടുന്ന ദുരിതങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ,

(എ) ആദിവാസി മേഖലയിൽ പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിക്കുകയും ശിശുമരണ നിരക്ക് ഗണ്യമായി കുറയുകയും ചെയ്തിട്ടുണ്ട്. തുടർന്നും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ആരോഗ്യപ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ ജാഗ്രത പുലർത്തുന്നതാണ്.

(ബി) പാലിക്കപ്പെട്ടിട്ടുണ്ട്.

(സി) ആദിവാസി സമൂഹത്തോട് അവഗണന കാണിക്കുന്നു എന്ന തരത്തിലുള്ള ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണ്.

(ഡി) ആദിവാസി ജനവിഭാഗങ്ങളുടെ ദുരിതങ്ങൾ പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, വനം, പോലീസ്, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ വഴിയും ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ

വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രത്യേക ദുർബല വിഭാഗക്കാർക്കുള്ള പാക്കേജ്, അടിയ-പണിയ പാക്കേജ്, ഭക്ഷ്യസഹായ പദ്ധതി എന്നീ പദ്ധതികൾ പ്രകാരം പോഷകാഹാര വിതരണം ഉൾപ്പെടെ നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. പ്രത്യേക കേന്ദ്ര സഹായ പദ്ധതി പ്രകാരം ജീവനോപാധി വികസനത്തിന് ആവശ്യമായ നടപടികളും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കൃഷി, കാലിവളർത്തൽ, ആടുവളർത്തൽ തുടങ്ങിയ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് വകുപ്പ് ധനസഹായവും പ്രോത്സാഹനവും നൽകി വരുന്നു. സ്കൂളിൽ ഒന്നാംതരം മുതൽ പ്ലസ്ടു വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ മേഖലയിലെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ താമസസൗകര്യവും ഭക്ഷണവും പ്രദാനം ചെയ്യുന്നു. വകുപ്പിന്റെ കീഴിൽ 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിച്ചു വരുന്നു. അടിസ്ഥാന സൗകര്യ വികസനത്തിന് കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നു. ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്നതോടൊപ്പം ചികിത്സയ്ക്കും പുനരധിവാസത്തിനുമായി ചികിത്സാ ധനസഹായം പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ വഴി നൽകിവരുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ജനനീ ജന്മരക്ഷ പദ്ധതിയും

അശരണരായ പട്ടികവർഗ്ഗക്കാർക്കുവേണ്ടി കൈത്താങ്ങ് പദ്ധതിയും അരിവാൾ രോഗികൾക്ക് ധനസഹായം നൽകുന്ന പദ്ധതികളും വകുപ്പ് മുഖേന നടപ്പാക്കി വരുന്നു.

ശ്രീ. ജോസ് തെറ്റയിൽ: സർ, ആദിവാസി സംരക്ഷണത്തെ സംബന്ധിച്ച് ഈ ഗവൺമെന്റ് കാണിക്കുന്ന ജാഗ്രതയാണ് ഈ ഉത്തരത്തിലൂടെ കാണുവാൻ സാധിക്കുന്നത്. എസ്.എം. വിജയാനന്ദ് ഇതുസംബന്ധിച്ച് നടത്തിയ പഠനത്തിന്റെ വിശദാംശങ്ങളെക്കുറിച്ചായിരുന്നു എന്റെ ചോദ്യം. എന്നാലതിന് ഉത്തരം നൽകിയിട്ടില്ല. ഉദ്യോഗസ്ഥന്മാർ മന്ത്രിമാരെ തെറ്റിദ്ധരിപ്പിക്കുകയും അതുവഴി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്നതിന് ഉദാഹരണമാണിത്. എൻ.ആർ.എച്ച്.എം., തമ്പ് തുടങ്ങിയ കേരളത്തിലെ വിവിധ ഏജൻസികൾ അവിടെ സർവ്വേ നടത്തി. അട്ടപ്പാടിയിലെ ആദിവാസി കുടുംബങ്ങളിൽ സ്ത്രീകളിൽ പോഷകാഹാരക്കുറവ് മൂലമുണ്ടാകുന്ന പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ extremely serious, high risk group, immediate deserving attention എന്ന് categorize ചെയ്തിട്ടുള്ള പഠനങ്ങളുണ്ട്. ഗർഭിണികൾക്കായി ജനനീ ജന്മരക്ഷ, ഇന്ദിരാഗാന്ധി മാതൃസഹയോജന തുടങ്ങിയ പദ്ധതികളൊക്കെ പ്രഖ്യാപിച്ചിട്ടുണ്ട്. 400

കോടി രൂപ ഇതിനായി ചെലവഴിച്ചുവെന്നാണ് കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ളത്. ചൈൽഡ് മോർട്ടാലിറ്റിയെക്കുറിച്ച്, അങ്ങനെ ഒരു സംഭവമേയില്ലെന്നാണ് കഴിഞ്ഞ ജൂണിൽ മന്ത്രി നൽകിയ മറുപടിയിൽ പറഞ്ഞത്. വസ്തുതകൾക്ക് വിരുദ്ധമായി മന്ത്രിയെ തെറ്റിദ്ധരിപ്പിക്കുകയും മന്ത്രി അതുവഴി കേരളത്തിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയുമാണ്. എന്റെ ചോദ്യം, ഇതുസംബന്ധമായി സ്വീകരിച്ചിട്ടുള്ള നടപടികളെന്താണെന്ന് വ്യക്തമാക്കാമോ?

<u>കുമാരി പി. കെ. ജയലക്ഷ്മി</u>: സർ, അട്ടപ്പാടിയിൽ ശിശുമരണം റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ആരോഗ്യ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി നല്ല രീതിയിലുള്ള പ്രവർത്തനം അവിടെ നടത്തുന്നുണ്ട്. ഗവൺമെന്റിന്റെ ഫലപ്രദമായ ഇടപെടലിനെ തുടർന്ന് ശിശുമരണ നിരക്ക് ക്രമേണ കുറഞ്ഞുവന്നിട്ടുണ്ട്. പട്ടികവർഗ്ഗ വികസന നടപ്പിലാക്കുന്ന പുതിയ സ്കീമാണ് ജനനീ ജന്മരക്ഷ പദ്ധതി. പട്ടികവർഗ്ഗ വിഭാഗത്തിലുള്ള സഹോദരിമാർ ഗർഭിണികളായാൽ മൂന്നാം മാസം മുതൽ കുഞ്ഞിന് ഒരു വയസ്സ് തികയുന്നതുവരെയുള്ള ഓരോ മാസവും 1000 രൂപ മണിയോർഡറായി

അവരുടെ വീടുകളിൽ എത്തിക്കുന്ന സ്കീമും നടപ്പിലാക്കി വരുന്നുണ്ട്. മൂന്നുവകുപ്പുകളുടെയും കഠിന പരിശ്രമഫലമായി ഈ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. ജോസ് തെറ്റയിൽ: സർ, എന്റെ ചോദ്യം വീണ്ടും ഞാൻ ആവർത്തിക്കുകയാണ്. വിജയാനന്ദ് നടത്തിയ പഠനത്തിന്റെ റിസൾട്ടെന്താണ്? റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ? അതുസംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ടോ എന്നുള്ളതിനെക്കുറിച്ചൊന്നും ഉത്തരമില്ല. അട്ടപ്പാടിയിൽ അനാരോഗ്യ പരിപാലനമാണ് നടക്കുന്നത്. അവിടത്തെ 80% അമ്മമാരുടെയും തൂക്കം ദേശീയ ശരാശരിയേക്കാളും താഴ്ന്ന നിലയിലാണ്. അയൺ ഗുളിക കഴിക്കുന്നവരിൽപ്പോലും ഹീമോഗ്ലോബിന്റെ അളവ് കുറവാണ്. മുലയൂട്ടുന്ന അമ്മമാരുടെ lactating പ്രശ്നം ഇപ്പോഴും ഗുരുതരമായി തുടരുകയാണ്. ഹെപ്പറ്റൈറ്റിസ് രോഗം അവിടെ വ്യാപകമാണ്. കഴിഞ്ഞ ഡിസംബറിൽ ന്യൂമോണിയ ബാധിച്ചവരുണ്ട്. 2012-ൽ നവജാതശിശുമരണം 63-ഉം 2013-ൽ 40-ഉം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് പരിഹരിക്കാൻ എന്തുനടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

കുമാരി പി. കെ. ജയലക്ഷ്മി: സർ, ഡോ. എസ്. എം. വിജയാനന്ദിനെ

കേന്ദ്ര സർക്കാരാണ് ചുമതലപ്പെടുത്തിയത്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അട്ടപ്പാടിയിൽ ഒരു മീറ്റിംഗ് വിളിച്ചുചേർത്തിരുന്നു. അതനുസരിച്ച് പി.എം.ജി.എസ്.വൈ.-യിൽ 16 റോഡുകളും എൻ.ആർ.എച്ച്.എം.-ന് 4 കോടി രൂപയും കുടുംബശ്രീക്ക് 1.6 കോടി രൂപയും അനുവദിച്ച് അതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, അട്ടപ്പാടിയിലെ ആദിവാസികളോട് സർക്കാർ കാട്ടുന്ന അവഗണനയുടെ ഒരു ശരിപ്പകർപ്പാണ് ഈ ചോദ്യത്തിനുള്ള ഉത്തരം. ഒരു വിശദാംശങ്ങളിലേയ്ക്കും ഈ ഉത്തരത്തിൽ പോകുന്നില്ല. എസ്. എം. വിജയാനന്ദ് സമർപ്പിച്ച റിപ്പോർട്ടിന്റെ വിശദാംശങ്ങളുടെ ഒരക്ഷരംപോലും ഈ ഉത്തരത്തിലില്ല. 127 ഓളം ഊരുകളിൽ ഗോത്രവർഗ്ഗ ജീവിതം നയിച്ചുവന്ന ഇവർക്ക് വികസനത്തിന്റെ പേരിൽ നൽകിയ സഹായങ്ങൾ അവരുടെ ജീവിതരീതിയ്ക്ക് യോജിക്കുന്നതായിരുന്നില്ല. റാഗി, ചോളം, പഴവർഗ്ഗങ്ങൾ എന്നിവ ഭക്ഷിച്ചുവന്നവർക്ക് വിലകുറഞ്ഞ റേഷനരി കൊടുക്കാൻ തുടങ്ങിയതോടു കൂടിയാണ് പോഷകാഹാരക്കുറവ് അവിടെ അനുഭവപ്പെട്ടു തുടങ്ങിയത്. 12 വർഷം അഹാർഡ്സ് അവിടെ പ്രവർത്തനം നടത്തി, ഇപ്പോൾ അത് പൂട്ടിക്കെട്ടി. ജപ്പാൻ പദ്ധതിയ്ക്ക് അനുവദിച്ച 219 കോടി രൂപ,

ആ തുക തീർന്നു. അവിടെ 160 ഓളം ജനകീയ സമിതികൾ 5 കോടി രൂപ ലാഭവിഹിതം ഉണ്ടാക്കിയിരിക്കുന്നു. ഈ ജനകീയ സമിതികളെ പുനരുജ്ജീവിപ്പിക്കാമെന്ന് ബഹു. മുഖ്യമന്ത്രി പറഞ്ഞതാണ്. ജപ്പാൻ ഗ്രാന്റിന്റെ ബാക്കി അവിടെ കെട്ടിക്കിടക്കുകയാണ്. 10 കോടിയിൽ താഴെ മാത്രം വരുന്ന ഈ തുക ജനകീയ സമിതികളെ പുനരുജ്ജീവിപ്പിച്ച് ആദിവാസി ക്ഷേമത്തിനായി വിനിയോഗിക്കുമെന്ന് ബഹു. മുഖ്യമന്ത്രി നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടില്ല. ഇതിന് സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, അട്ടപ്പാടിയിലെ ജിക്കയുടെ പ്രോഗ്രാമിന്റെ കാലാവധി കഴിഞ്ഞു. അതിനുശേഷം അഹാർഡ്സ് റിവൈവ് ചെയ്തിട്ടുണ്ട്. അഹാർഡ്സ് കേരള ഗവൺമെന്റിന്റെ സഹായത്തോടുകൂടി പുനരുജ്ജീവിപ്പിച്ചിരിക്കുകയാണ്. അങ്ങ് പറഞ്ഞതുപോലെ ഇപ്പോൾ അവിടെ ഫണ്ട് കെട്ടിക്കിടക്കുന്നില്ല. അട്ടപ്പാടിയെ സംബന്ധിച്ചിടത്തോളം വിജയാനന്ദ് കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റിയുടെ ശുപാർശകൾ സർക്കാരിന് ലഭിച്ചിട്ടില്ല. കഴിഞ്ഞ മാസം ചേർന്ന യോഗത്തിൽ വച്ച് അട്ടപ്പാടിയുടെ മുഴുവൻ

ചുമതലയും ഒറ്റപ്പാലം സബ്കളക്ടർക്ക് നൽകിയിട്ടുണ്ട്. അതുമാത്രമല്ല, പാലക്കാട് എം.പി., അവിടത്തെ എം.എൽ.എ., പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പ്രസിഡന്റ് എന്നിവരടങ്ങുന്ന ജനകീയ സമിതിയെ അതിന്റെ മോണിറ്ററിംഗിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ആ കമ്മിറ്റിയുടെ ശുപാർശ പ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഒരു അനാസ്ഥയും കാണിക്കുന്നില്ല.

<u>ശ്രീമതി ജമീലാ പ്രകാശം</u>: സർ, കുഞ്ഞുങ്ങളുടെ മരണം പോഷകാഹാരക്കുറവുമൂലമാണെന്ന് സർക്കാർ നിയമസഭയിൽ വ്യക്തമാക്കി കഴിഞ്ഞതാണ്. 2013 ഏപ്രിൽ മാസത്തിൽ അട്ടപ്പാടിയിലെ കൊട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ആരോഗ്യവകുപ്പ് നടത്തിയ മെഗാ മെഡിക്കൽ ക്യാമ്പിലും പൊതുജനാരോഗ്യ ആക്ടിവിക്സ്സായ ഡോ. ഇക്ബാലും സംഘവും 2013 മേയ് മാസത്തിൽ നടത്തിയ മെഡിക്കൽ ക്യാമ്പിലും കേന്ദ്രത്തിൽ നിന്നുമുള്ള വിദഗ്ദ്ധ ഡോക്ടർമാരുടെ സംഘം ഇവിടെ വന്ന് പരിശോധന നടത്തിയപ്പോഴും നാഷണൽ ഹെൽത്ത് റൂറൽ മിഷൻ നടത്തിയ പഠനത്തിലും കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഡോ. നിലീന കോശിയുടെ റിപ്പോർട്ടിലും തമ്പിന്റെ

സർവ്വെയിലും പോഷകാഹാരക്കുറവുമൂലമാണ് കുട്ടികൾ മരിക്കാൻ കാരണമായതെന്നാണ് പറയുന്നത്. ആദ്യമൊന്നും ബഹു.മുഖ്യമന്ത്രി അങ്ങോട്ട് പോയില്ലെങ്കിലും ഇതിന്റെയിടയിൽ ഒരു കോ-ഓർഡിനേഷൻ മീറ്റിംഗ് നടത്തി. അതിനുശേഷം സർക്കാർ അട്ടപ്പാടിയിൽ കമ്മ്യൂണിറ്റി കിച്ചനുകൾ തുറക്കാനും അംഗൻവാടിയിലൂടെ കുട്ടികൾക്ക് പോഷകാഹാരം നൽകാനും തീരുമാനിച്ചു. കഴിഞ്ഞ ദിവസം വന്ന വാർത്ത, സി.പി.ഐ.(എം)-ന്റെ ലോകസഭാംഗമായ ബഹുമാന്യനായ പി. കരുണാകരൻ കേരളത്തിലെ ആദിവാസി മേഖലയിലെ ശിശുമരണം സംബന്ധിച്ച് ലോകസഭയിൽ ഒരു ചോദ്യം ഉന്നയിച്ചപ്പോൾ, അട്ടപ്പാടിയിൽ പോഷകാഹാരക്കുറവ് കൊണ്ട് മരണം സംഭവിച്ചിട്ടില്ലായെന്നാണ് കേന്ദ്രമന്ത്രി ശ്രീ. ജൂവൽ ഓറം മറുപടി നൽകിയത്. അദ്ദേഹം മറ്റൊരു ചോദ്യത്തിലൂടെ  വീണ്ടും ഈ പ്രശ്നം ഉന്നയിച്ചപ്പോൾ കേരള സർക്കാർ കൊടുത്തിരിക്കുന്ന റിപ്പോർട്ടിൻ പ്രകാരമാണ് ഞാൻ ഇങ്ങനെ പറഞ്ഞതെന്ന് ലോകസഭയിൽ പറഞ്ഞിട്ടുണ്ട്. ആ റിപ്പോർട്ട് ഇവിടെ നിന്ന് ആരാണ് കൊടുത്തത്; സംസ്ഥാന ആരോഗ്യ വകുപ്പാണോ; പട്ടികവർഗ്ഗ ക്ഷേമ വകുപ്പാണോ കൊടുത്തത്? ഇത് മാധ്യമത്തിൽ വന്ന വാർത്തയാണ്. കോർപ്പസ് ഫണ്ടിനെപ്പറ്റി മന്ത്രി പറഞ്ഞോ? സഭയെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി

കോർപ്പസ് ഫണ്ടിനെ പറ്റി പറഞ്ഞു. അമ്പത് കോടി രൂപയുടെ കോർപ്പസ് ഫണ്ടിൽ നിന്ന്...... 1.39 കോടി രൂപ കോർപ്പസ് ഫണ്ടിൽ നിന്നും സ്റ്റുഡന്റ് പോലീസ് കേഡറ്റ് ഫോഴ്സിന് കൊടുത്തുവെന്നത് മാധ്യമം പത്രത്തിൽ വന്ന റിപ്പോർട്ടാണ്. എഴുന്നേറ്റ് നിൽക്കാൻ വയ്യാത്ത ആദിവാസി പയ്യന്മാരും പെൺകുട്ടികളും എങ്ങനെയാണ് കേഡറ്റ് ഫോഴ്സിലേയ്ക്ക് വരുന്നതെന്നാണ് എന്റെ ചോദ്യം? ഇവിടെ അംഗൻവാടികൾ വഴി അട്ടപ്പാടിപോലുള്ള സ്ഥലങ്ങളിൽ കൊടുക്കാൻ വച്ചിട്ടുള്ള പോഷകാഹാരം വകമാറ്റി പല സ്ഥലങ്ങളിലും കൊടുക്കുന്നതുകൊണ്ടാണ് മരണം വീണ്ടും ഉണ്ടാകാൻ കാരണമെന്നാണ് ഇന്നലെ വനിതാ ശിശു ക്ഷേമവകുപ്പുമന്ത്രി ശ്രീമതി മേനകാ ഗാന്ധി ലോകസഭയിൽ അറിയിച്ചത്. ഇതുമുഴുവൻ ഈ മന്ത്രിയുടെ തലയിൽ വയ്ക്കരുത്. മുഖ്യമന്ത്രി തന്നെ ഇക്കാര്യത്തിൽ മറുപടി പറയണം, ഒളിച്ചുകളിയ്ക്കുന്നത് ശരിയല്ല. അതാണ് ഞങ്ങളുടെ ആവശ്യം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, അട്ടപ്പാടിയിൽ ഈ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്ത ആഴ്ചയിൽതന്നെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഈ വിഷയം കേന്ദ്രമന്ത്രിയെ അറിയിക്കുകയും ഇതുമായി ബന്ധപ്പെട്ട് ആരോഗ്യം, ട്രൈബൽ, സാമൂഹ്യനീതി

എന്നീ വകുപ്പുകളിലെ മന്ത്രിമാരും അവിടത്തെ ജനപ്രതിനിധികളുമായി അവിടെ പോവുകയും വിശദമായ രീതിയിൽ കാര്യങ്ങൾ മനസ്സിലാക്കി ഉദ്യോഗസ്ഥ തലത്തിൽ ചർച്ചകൾ നടത്തി അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള മുഴുവൻ പ്രവർത്തനങ്ങളും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കുകയുണ്ടായി. അതിന്റെ പശ്ചാത്തലത്തിൽ അവിടെ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. 2013-ൽ 31 ശിശുമരണങ്ങളാണ് അവിടെ ഉണ്ടായിരുന്നതെങ്കിൽ ഈ പ്രവർത്തനങ്ങൾ സംസ്ഥാന ഗവൺമെന്റിന്റെ നേതൃത്വത്തിൽ ആരംഭിച്ചതിനുശേഷം 2014-ൽ 13 ശിശുമരണങ്ങളായി കുറയ്ക്കാൻ നമുക്ക് കഴിഞ്ഞു. ഗുരുതരമായ പോഷകാഹാരക്കുറവുള്ള (Severe Acute Malnutrition) 299 കുട്ടികളെയാണ് അവിടെ ആദ്യം കണ്ടെത്തിയത്. ആ കുട്ടികൾക്ക് മുഴുവനും Nutrition Rehabilitation Center (NRC)-കൾ തുടങ്ങി. മുഖ്യമന്ത്രി എടുത്ത തീരുമാനത്തിന്റെ പശ്ചാത്തലത്തിൽ അഗളി സി.എച്ച്.സി., പുത്തൂർ, ഷോളയാർ പി.എച്ച്.സി. കളിൽ അമ്മമാരെയും കുട്ടികളെയും അഡ്മിറ്റ് ചെയ്ത് ഡയറ്റും, വേയ്റ്റ് ഇംപ്രൂവ് ചെയ്യുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ആശുപത്രി ട്രീറ്റ്മെന്റ് ചെയ്തുകൊടുക്കുകയും ചെയ്തു. 299 കുട്ടികൾ Severe Acute Malnutrition ആയിരുന്നത് 68 കുട്ടികളായി

കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. വളരെയധികം കുട്ടികൾക്ക് Severe Acute Malnutrition ഉണ്ടായിരുന്നത് ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരുന്നു. അവിടെ നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായി...............

മി. ഡെപ്യൂട്ടി സ്പീക്കർ: മിനിസ്റ്റർ മറുപടി പറയട്ടെ. ഇനിയും ഒരുപാട് അംഗങ്ങൾക്ക് ചോദ്യങ്ങൾ ചോദിക്കാനുണ്ട്. ഏതെങ്കിലും കാര്യത്തിൽ കൂടുതൽ വിവരം വേണമെന്നുണ്ടെങ്കിൽ അടുത്ത ചോദ്യത്തിൽ ചോദിക്കാം.

ശ്രീ. വി. എസ്. ശിവകുമാർ: ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രത്യേകമായിട്ടുള്ള പാക്കേജ് അവിടെ പ്രഖ്യാപിച്ചു. ഇതിലേയ്ക്കാവശ്യമായി നടപടി പൂർത്തീകരിച്ചുവരുന്നതിന്റെ ഭാഗമായാണ് Severe Acute Malnutrition ഉള്ള കുട്ടികളുടെ എണ്ണം ഗണ്യമായി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞത്. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കേന്ദ്ര ഗവൺമെന്റ് .......................

മി. ഡെപ്യൂട്ടി സ്പീക്കർ: ഏത് രീതിയിൽ മറുപടി പറയണമെന്ന് ചെയറിന് പറയാൻ കഴിയില്ല. ഇനിയും ചോദ്യങ്ങൾ ചോദിക്കാനുണ്ട്. ഈ ചോദ്യത്തിന് മിനിസ്റ്റർ മറുപടി പറഞ്ഞില്ലായെങ്കിൽ സ്പെസിഫിക്കായി അടുത്ത ചോദ്യത്തിൽ നിങ്ങൾക്ക് ചോദിക്കാം.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ശ്രീ. ജയറാം രമേശ് കമ്മിറ്റിയുടെ

പ്രവർത്തനത്തിന്റെ ഫലമായി, ആരോഗ്യ വകുപ്പ് ഒരു പ്രോജക്ട് കൊടുത്തതിന്റെ ഫലമായി 4 കോടി 33 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതനുസരിച്ച് അവിടെ ആവശ്യപ്പെട്ടിട്ടുള്ള മുഴുവൻ കാര്യങ്ങളും എല്ലാ ഡിപ്പാർട്ടുമെന്റുകളും അവിടെ നടപ്പിലാക്കി. അവിടെ അഡീഷണൽ ജെ.പി.എച്ച്.എൻ.-മാരെ നിയമിക്കുകയും എൻ.ആർ.സി.കൾ നിർമ്മിക്കുകയും സബ് സെന്ററുകൾ മോഡിഫൈ ചെയ്യുകയും ഹോസ്പിറ്റൽ എക്യുപ്മെന്റ്സുകൾ ലഭ്യമാക്കുകയും കോട്ടാത്തറ ആശുപത്രിയിൽ എസ്.എൻ.സി. യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തു. അതുപോലെ ഡോക്ടേഴ്സിന്റെ ക്വാർട്ടേഴ്സ് പണി പൂർത്തീകരിക്കുകയും 75 പുതിയ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുകയും മുഴുവൻ ഡോക്ടേഴ്സിനെ നിയമിക്കുകയും ചെയ്തു. എല്ലാ സബ് സെന്ററുകളും അവിടെ Renovate ചെയ്തു. തുടങ്ങിയ കാര്യങ്ങളെല്ലാം സംസ്ഥാന ഗവൺമെന്റ് ചെയ്തിട്ടുണ്ട്. എല്ലാ ഡിപ്പാർട്ടുമെന്റുകളും ചെയ്യേണ്ട കാര്യങ്ങൾ മുഴുവൻ അവിടെ ഗവൺമെന്റ് ചെയ്തിട്ടുണ്ട്. പാർലമെന്റ് മെമ്പറുടെ നേതൃത്വത്തിൽ അവിടെ നടത്തിയ സമരത്തിന്റെ ഭാഗമായി വീണ്ടും രണ്ട് കോടി രൂപ സംസ്ഥാന എൻ.ആർ.എച്ച്.എം. അവിടെ അനുവദിച്ചു. അതിന്റെ ഫലമായി ഒമ്പത് പദ്ധതികൾ ഇപ്പോൾ അവിടെ നടപ്പിലാക്കി വരികയാണ്.

<u>ശ്രീ. സി. കെ. നാണു</u>: സർ, കേരളം ലോകത്തിന്റെ മുമ്പിൽ ഇന്നറിയപ്പെടുന്നത് ആദിവാസികളായ കുട്ടികൾ പോഷകാഹാരക്കുറവുമൂലം മരണമടയുന്നത് സംബന്ധിച്ചാണ്. ഇത് കേരളത്തിന്റെ പ്രസിദ്ധിയാണോ; കുപ്രസിദ്ധിയാണോ? ബഹുമാനപ്പെട്ട അംഗം വ്യക്തമായ ചോദ്യമാണ് ചോദിച്ചത്. കേരളത്തിലെ ആദിവാസി കുട്ടികൾ പോഷകാഹാരക്കുറവുമൂലം മരിക്കുന്നില്ലെന്ന് കേന്ദ്രമന്ത്രി പാർലമെന്റിൽ പറഞ്ഞത് കേരളത്തിൽനിന്നും ഉത്തരവാദപ്പെട്ടവർ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിലാണ്. അക്കാര്യത്തെ സംബന്ധിച്ച് ഇവിടെ മറുപടി പറയുന്നില്ല. രണ്ട്, അഹാർഡ്സ് ഇവിടെ ഉണ്ടായിരുന്ന കാലത്ത് അട്ടപ്പാടിയിലെ ആദിവാസി കുടുംബങ്ങളിൽ നിന്ന് വാളന്റിയർമാരായി ജോലിക്ക് ആളെ എടുത്തിരുന്നു. സാമ്പത്തികമായി അവർക്ക് വരുമാനമുണ്ടായിരുന്നു. ഈ സാഹചര്യം ഉണ്ടായിരുന്നില്ല, ഇതുപോലെ പട്ടിണിയും ഉണ്ടായില്ല. അവിടെ ഒരു കമ്മിറ്റി ചേർന്നപ്പോൾ ഞങ്ങളൊക്കെ അതിലുണ്ടായിരുന്നു. കോടിക്കണക്കിന് രൂപ ചെലവഴിച്ചുവെങ്കിലും ആ പണം അവിടെ എത്തുന്നില്ല. പാവപ്പെട്ട ആദിവാസികളുടെ കോളനിയിൽ ഞങ്ങൾ പോയപ്പോൾ അവരുടെ ദയനീയ അവസ്ഥ നമ്മൾ കണ്ടതാണ്. ഒരു ന്യായവും പറഞ്ഞിട്ടില്ല. കേന്ദ്രത്തിന് മറുപടി

കൊടുത്തത് ആരെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യത്തിന് ഉത്തരം എന്തുകൊണ്ട് പറയുന്നില്ല; ഇത് ഗൗരവമായ പ്രശ്നമല്ലേ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്) : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. സി.കെ. നാണു പറഞ്ഞതുപോലെ അഹാർഡ്സിന്റെ പ്രവർത്തനം ആരും നിർത്തിയതല്ല. അഹാർഡ്സിൽ ജോലി ചെയ്തിരുന്ന മുഴുവൻ ആദിവാസി യുവാക്കളെയും യുവതികളെയും സംസ്ഥാന ഗവൺമെന്റ് ട്രൈബൽ വാച്ചർമാരായി നിയമിച്ചിട്ടുണ്ട്. ഇത് ആദ്യമായാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്. അഹാർഡ്സ് നിർത്തിയതല്ല, നിന്നുപോയതാണ്. അഹാർഡ്സ് ജിക്കയുടെ പ്രോഗ്രാമാണ്. അതിനുശേഷം അഹാർഡ്സിന്റെ പ്രവർത്തനം അവസാനിപ്പിച്ചിട്ടില്ല. ഇപ്പോഴും അത് പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. എ. കെ. ബാലൻ : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന 2011-2012- കാലയളവിൽ ആറ് ആദിവാസി കുട്ടികളാണ് മരിക്കുന്നത്. ആദ്യത്തെ വർഷമുണ്ടായ ആറ് മരണം എന്നുപറയുന്നത് കേരളത്തിന്റെ ശരാശരിയുമായി സാധാരണ ബന്ധപ്പെട്ടുപോകുന്നതാണ്. 2012-13 ആകുമ്പോൾ അത് 29 ലേക്കും 2013-14 ആകുമ്പോൾ 22 ലേക്കും 2014-15

ആകുമ്പോൾ പതിനെട്ടിലേക്കും എത്തുകയാണ്. വല്ലാത്തൊരു കുതിച്ചുചാട്ടമാണുണ്ടായത്. ആ സമയത്താണ് ഞങ്ങളിവിടെ അടിയന്തര പ്രമേയമായി കൊണ്ടുവരികയും പാക്കേജ് പ്രഖ്യാപിക്കുകയും ചെയ്തത്. പോഷകാഹാരക്കുറവാണ് ഈ മരണത്തിന്റെ പ്രധാനപ്പെട്ട കാരണമെന്ന് മനസ്സിലാക്കി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ രണ്ട് പാക്കേജുകൾ പ്രഖ്യാപിച്ചു. ആ പാക്കേജുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനത്തെ സംബന്ധിച്ചുള്ളതാണ് സ്പെസിഫിക്കായിട്ടുള്ള ചോദ്യം. അതിന് ഉത്തരമില്ല. ഞാനിവിടെ അടിയന്തരപ്രമേയമായി കൊണ്ടുവന്ന സമയത്തുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പാക്കേജ് പ്രഖ്യാപിച്ചു. ആ പാക്കേജിന്റെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങളും അവിടെ സ്തംഭിച്ചു. അതിനുശേഷമാണ് ജനപ്രതിനിധികൾ ശക്തമായി പ്രതികരിക്കുകയും എം.പി. സത്യാഗ്രഹം നടത്തുകയും ചെയ്തതിനുശേഷം ഗവൺമെന്റ് ഇടപെട്ടു. അതിനുശേഷം പോലും പ്രവൃത്തികൾ മുന്നോട്ടുപോകുന്നില്ല. കമ്മ്യൂണിറ്റി അടുപ്പ്, അതിനുപോലും ഒരാൾക്ക് നാല് രൂപയാണ് നിങ്ങൾ കൊടുക്കുന്നത്. നാല് രൂപയ്ക്ക് എന്ത് പോഷകാഹാരമാണ് ലഭിക്കുന്നത്. ഇതിന്റെ ഭാഗമായി അന്നത്തെ കേന്ദ്രമന്ത്രി ബഹുമാനപ്പെട്ട ജയറാം രമേശ് 110 കോടി രൂപയുടെ ഒരു പാക്കേജാണ്

പ്രഖ്യാപിച്ചത്. ഇവിടെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറയുന്നത് നാല് കോടി രൂപ ലഭിച്ചു എന്നാണ്. ആരോഗ്യരംഗത്തേയ്ക്കുവേണ്ടിമാത്രം പതിനൊന്ന് കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ ലഭിച്ചിട്ടുള്ളത് നാല് കോടി രൂപയാണ്. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച പാക്കേജും സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച പാക്കേജും സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വന്നിട്ടുള്ള പോരായ്മയാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. അല്ലാതെ രാഷ്ട്രീയ വൈരാഗ്യം വച്ചുകൊണ്ട് സംസാരിക്കുന്നതല്ല. ഇനിയും അങ്ങനെയുള്ള മരണം സംഭവിക്കാതിരിക്കണമെങ്കിൽ ഈ പാക്കേജ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് നടത്തിയിട്ടുള്ള പ്രവർത്തനമാണ് പറയേണ്ടത്. അതിൽ ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസറുടെ കാര്യം മാത്രമെ ഞാൻ പറയുന്നുള്ളൂ. കളക്ടർക്ക് അദ്ദേഹത്തിനെതിരായി റിപ്പോർട്ട് കൊടുത്തുകൂടെ; കഴിഞ്ഞ മൂന്ന് ഡി.ഡി.സി. യിൽ ഞങ്ങളും മണ്ണാർക്കാട് എം.എൽ.എ.യും പങ്കെടുത്തു. ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസർ പങ്കെടുത്തില്ല. അവസാനം കളക്ടർ ഗത്യന്തരമില്ലാതെ അദ്ദേഹത്തിന് വാണിംഗ് കൊടുത്തതിനുശേഷം ഗവൺമെന്റിന് റിപ്പോർട്ട് കൊടുത്തു. ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസർ ഇതുവരെ പണിയെടുക്കുന്നില്ല. അതുകൊണ്ട് ഐ.ടി.ഡി.പി. പ്രോജക്ട്

ഓഫീസിനെ പട്ടികവർഗ്ഗ വകുപ്പിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുകയും ഇതിന് ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടിയെടുക്കുന്നതിനും ഗവൺമെന്റ് തയ്യാറാണോ എന്നാണ് എന്റെ ചോദ്യം?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ജില്ലാകളക്ടറുടെ ശിപാർശ പ്രകാരം അട്ടപ്പാടിയിലെ ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസറെ സ്ഥലംമാറ്റിയിട്ടുണ്ട്. പുതിയ ആളിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, പുതിയ ആൾ വന്നതുമായി ബന്ധപ്പെട്ട് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അദ്ദേഹവും ഒരു പണിയും എടുക്കുന്നില്ല. അദ്ദേഹത്തെ വച്ചുകൊണ്ട് നിങ്ങൾക്ക് ഈ പണി കൊണ്ടുപോകാൻ പറ്റില്ലെന്ന് ഞാൻ പറഞ്ഞതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, അദ്ദേഹത്തെ സ്ഥലം മാറ്റി.

ശ്രീ. എ. കെ. ബാലൻ: സർ, അദ്ദേഹത്തെ സ്ഥലം മാറ്റിയെങ്കിൽ വളരെ നല്ലത്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ജനപ്രതിനിധികളുടെ ഒരു കമ്മിറ്റി അവിടെ രൂപീകരിച്ചതാണ്. ആ കമ്മിറ്റി രൂപീകരിച്ചതിനുശേഷം പോലും

അതിന്റെ യോഗം വിളിച്ചുചേർക്കാൻ അമാന്തം കാട്ടി. അതിന്റെ ഭാഗമായിട്ടാണ് മണ്ണാർക്കാട് എം.എൽ.എ.യും ഞാനും ഡി.ഡി.സി.യിൽ പങ്കെടുത്തപ്പോൾ ബഹളമുണ്ടാക്കി, പിന്നീട് യോഗം വിളിക്കാൻ തീരുമാനിച്ചത്. ആ യോഗത്തിന്റെ നടപടിപോലും പിന്നീട് പ്രാവർത്തികമാക്കിയിട്ടില്ല. ജനപ്രതിനിധികളെവച്ചുകൊണ്ട് നിങ്ങൾ രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ടും അതിന്റെ ഭാഗമായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയ കാര്യങ്ങളും സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, പാലക്കാട് എം.പി., മണ്ണാർക്കാട് എം.എൽ.എ., പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരടങ്ങുന്ന കമ്മിറ്റിയെ നിയോഗിച്ചത് ഈ ഗവൺമെന്റാണ്. ആ കമ്മിറ്റിയുടെ ശിപാർശകൾ ഗവൺമെന്റിന് ലഭിച്ചു. അതിന് നടപടി സ്വീകരിക്കുന്നുണ്ട്. ആ കമ്മിറ്റി ശിപാർശ അനുസരിച്ച് തീർച്ചയായും മുന്നോട്ട് പോകുകതന്നെ ചെയ്യും.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, രണ്ടുവർഷത്തിനിടയിൽ അട്ടപ്പാടിയിൽ എഴുപത്തിയഞ്ച് ശിശുമരണങ്ങളാണ് നടന്നത്. അതുപോലെ മൂന്ന് വർഷത്തിനിടയിൽ അട്ടപ്പാടിയിൽ ആയിരത്തോളം ആദിവാസികൾ

മരണപ്പെട്ടു. എന്നാൽ ഈ മൂന്നുവർഷത്തിനിടയിൽ അട്ടപ്പാടിയിലെ ജനനം എന്നുപറയുന്നത് അറുന്നൂറ് പേർ മാത്രമാണ്. ഇതിന്റെ അർത്ഥം അട്ടപ്പാടിയിലെ ആദിവാസികൾ ഒരു വംശനാശത്തെ നേരിട്ടുകൊണ്ടിരിക്കുകയാണ്. കോടിക്കണക്കിന് രൂപ നമ്മളിവിടെ ചെലവഴിച്ചിട്ടുണ്ട്. പക്ഷേ, ആദിവാസി പങ്കാളിത്തത്തോടുകൂടിയ ഒരു വികസന പദ്ധതി ആവിഷ്ക്കരിക്കാൻ നമുക്കിതുവരെ കഴിഞ്ഞിട്ടില്ല. ആദിവാസികൾക്ക് എന്താണ് വേണ്ടതെന്നുള്ളത് അവരുടെകൂടി പങ്കാളിത്തത്തോടുകൂടി കാര്യങ്ങൾ ചെയ്യാൻ കഴിയാത്തതിന്റെ ഫലമായി ഈ പണം എവിടെയൊക്കെയോ പോയിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായിട്ടാണ് അവിടെ തുടർക്കഥയായി മരണങ്ങൾ നടക്കുന്നത്. പോഷകാഹാരകുറവുകാരണം ശിശുമരണങ്ങളുണ്ടായെന്ന് നിയമസഭയിൽ ഉത്തരം നൽകിയതാണ്. നിയമസഭയിൽ നൽകിയ ഉത്തരത്തിന് വിരുദ്ധമായി കേന്ദ്രഗവൺമെന്റിന് ആരാണ് റിപ്പോർട്ട് കൊടുത്തത്; കേരളത്തിൽ പോഷകാഹാരക്കുറവുകൊണ്ട് അട്ടപ്പാടിയിൽ ആദിവാസി മരണമുണ്ടായില്ലെന്ന റിപ്പോർട്ട് കേന്ദ്രഗവൺമെന്റിന് അയച്ച ഉദ്യോഗസ്ഥൻ ആരാണ്; വകുപ്പുമന്ത്രി കുമാരി പി. കെ. ജയലക്ഷ്മിയാണോ റിപ്പോർട്ടിൽ ഒപ്പിട്ടത്; മുഖ്യമന്ത്രി ഒപ്പിട്ട

റിപ്പോർട്ടാണോ അയച്ചത്; പാർലമെന്റിൽ മന്ത്രി പറഞ്ഞിരിക്കുന്നത്, കേരളത്തിൽനിന്നുവന്ന റിപ്പോർട്ടിൽ അങ്ങനെയൊരു ശിശുമരണം നടന്നതായി റിപ്പോർട്ടില്ലെന്നാണ്. ശ്രീ. പി. കരുണാകരന് ലോകസഭയിൽനിന്ന് നൽകിയ ഉത്തരമാണ് സഖാവ് ജമീലാ പ്രകാശം ഇവിടെ ഉന്നയിച്ചത്. ഈ സാഹചര്യത്തിൽ ആ ഉത്തരം കൊടുത്തത് ആരാണെന്ന് നിയമസഭയ്ക്ക് അറിയണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിൽ പ്രതികരിക്കണം. ലോകസഭയെപ്പോലും തെറ്റിദ്ധരിപ്പിക്കുന്ന സ്ഥിതി എന്തുകൊണ്ടാണ് ഈ ഗവൺമെന്റ് എടുത്തതെന്ന് അറിയാനുള്ള അവകാശം ഈ നിയമസഭക്കുണ്ട്. അതിനുള്ള ഉത്തരം ഞങ്ങൾക്ക് ലഭിക്കണം.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ആരോഗ്യവകുപ്പ് അസംബ്ലിക്കും എനിക്കും ലഭ്യമാക്കിയിട്ടുള്ള മറുപടി എന്നുപറയുന്നത്, അട്ടപ്പാടി മേഖലയിൽ ശിശുമരണം സംഭവിക്കുന്നത് അമ്മമാരുടെ പോഷകാഹാരക്കുറവുകൾ കൊണ്ടാണെന്നാണ്. 28 ദിവസത്തിന് താഴെയുള്ള കുട്ടികളെയാണ് നവജാത ശിശുക്കൾ (Newborn) എന്നുപറയുന്നത്. ഒരു വയസ്സിന് താഴെയുള്ള കുട്ടികളെ ഇൻഫന്റ് (infant) എന്നും അഞ്ച് വയസ്സിനുതാഴെയുള്ള കുട്ടികളെ.......... ഇരുപത്തിയെട്ട് ദിവസത്തിനകമുള്ള കുട്ടികൾക്കാണ്

ശിശുമരണം സംഭവിക്കുന്നത്. അമ്മമാർക്ക് പോഷകാഹാരക്കുറവുള്ളതുകൊണ്ട് കുട്ടികൾ ജനിക്കുമ്പോൾത്തന്നെ തൂക്കം കുറവായി ജനിക്കുന്നു. കൂടാതെ കുട്ടികൾ ജനിക്കുമ്പോൾത്തന്നെ അംഗവൈകല്യവും മറ്റ് വൈകല്യങ്ങളുമുള്ളതായി ജനിക്കുന്നതുകൊണ്ട് ഈ സമയത്തിനുള്ളിൽ കുട്ടികൾ മരണപ്പെടുന്നു എന്നുള്ളതാണ് ആരോഗ്യവകുപ്പിന്റെ റിപ്പോർട്ട്. ആ റിപ്പോർട്ടായിരിക്കാം ഒരുപക്ഷേ കേന്ദ്രത്തിന് കൊടുത്തത്. അത് ഞാൻ അന്വേഷിക്കാം. (.....ബഹളം....) ആ റിപ്പോർട്ട് ആരോഗ്യ വകുപ്പ് കേന്ദ്രഗവൺമെന്റിന് അയച്ചിട്ടുണ്ടാവാം. അത് ഞാൻ പരിശോധിക്കാം. ആ റിപ്പോർട്ടാണ് എനിക്ക് ലഭ്യമാക്കിയിട്ടുള്ളത്. അതനുസരിച്ചാണ് മറുപടി കൊടുത്തിട്ടുള്ളത്. അമ്മമാരുടെ പോഷകാഹാരക്കുറവുമൂലമാണ് ഇരുപത്തിയെട്ട് ദിവസത്തിനുള്ളിലുള്ള കുട്ടികൾ മരണപ്പെട്ടത്. (ബഹളം....)

ശ്രീ. സി. ദിവാകരൻ: സർ, ആ റിപ്പോർട്ട് സഭയിൽ വയ്ക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: മിനിസ്റ്റർ പറഞ്ഞത് അങ്ങനെയൊരു റിപ്പോർട്ട് ആര് അയച്ചുവെന്ന് പരിശോധിക്കാമെന്നാണ് പറഞ്ഞത്. (...ബഹളം...)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, മന്ത്രി പറഞ്ഞത് അദ്ദേഹത്തിന്

ലഭിച്ച റിപ്പോർട്ടിന്റെ ഡീറ്റെയിൽസ് പറഞ്ഞിട്ട് അതിന്റെ പശ്ചാത്തലത്തിൽ അയച്ച റിപ്പോർട്ട് ആയിരിക്കാം. ഏതായാലും അദ്ദേഹം അത് പരിശോധിക്കാമെന്ന് പറഞ്ഞു. അത് പരിശോധിക്കും. ആ കാര്യത്തെ സംബന്ധിച്ച് ഒരു തർക്കവുമില്ല. അട്ടപ്പാടി പ്രശ്നം നമ്മളെയെല്ലാം വളരെയേറെ അലട്ടുന്നതും വേദനിപ്പിക്കുന്നതുമായ കാര്യമാണ്. അവിടെ പണം മുടക്കിയതുകൊണ്ടുമാത്രം പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്നില്ല. റിട്ടയർ ചെയ്ത സീനിയർ ഉദ്യോഗസ്ഥൻ ശ്രീ. സുബ്ബയ്യനെ പ്രത്യേക ചുമതല കൊടുത്ത് അവിടെ നിയോഗിച്ചു. അതിനുശേഷം അവിടെ എല്ലാവർക്കും സ്വീകാര്യനായ മണ്ണാർക്കാട് സബ്കളക്ടറെ കൺവീനറാക്കി എം.പി., എം.എൽ.എ. എന്നിവരുൾപ്പെടെയുള്ള ജനപ്രതിനിധികൾ, പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരുൾക്കൊള്ളുന്ന കമ്മിറ്റിയെ വച്ചിട്ടുണ്ട്. അട്ടപ്പാടിയുടെ പ്രാധാന്യവും അവിടെ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും ചോദിച്ച അത്രയും പോസ്റ്റുകൾ നൽകിയിട്ടുണ്ട്. അവർക്ക് ജോലി കൊടുക്കണമെന്നുള്ള അഭിപ്രായം വന്നപ്പോൾ അവിടെയുള്ളവർക്ക് ജോലി കൊടുക്കുന്നതിനുള്ള ഒരു പ്രത്യേക സ്കീമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. പോഷകാഹാരക്കുറവിന്റെ പ്രശ്നങ്ങൾ വന്നു.

അവിടെ റേഷൻ സമയത്ത് എത്തിച്ചാലും പല വീടുകളിലും അത് പാചകം ചെയ്യുന്നില്ല. പാചകം ചെയ്ത് കഴിക്കുന്നില്ലെന്ന് പറഞ്ഞപ്പോൾ പാചകം ചെയ്ത ഭക്ഷണം വീടുകളിൽ കൊടുക്കുന്നതിനുള്ള ഒരു സ്കീം ഉണ്ടാക്കി. അവിടത്തെ ആശുപത്രികളുടെയെല്ലാം സൗകര്യം വർദ്ധിപ്പിച്ചു. ഇതൊന്നും മതിയാകില്ല. നമുക്ക് കൂടുതലായി ശ്രദ്ധിക്കേണ്ടതായി വരും. പണം കൊണ്ടുമാത്രം തീർക്കാൻ കഴിയുന്ന ഒരു പ്രശ്നമായി അട്ടപ്പാടിയെ ഞങ്ങൾ കാണുന്നില്ല. കൂട്ടായ ഒരു കഠിനയത്നത്തിലൂടെ മാത്രമെ ഇവരെ സാധാരണ രീതിയിലേക്ക് കൊണ്ടുവരാൻ സാധിക്കൂ. അവിടത്തെ കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് മറ്റൊരുകാര്യംകൂടി മനസ്സിലാക്കുന്നു. അവരെ ഹോസ്റ്റലുകളിൽ താമസിപ്പിച്ച് പഠിപ്പിക്കുന്ന ഒരു സാഹചര്യം വരുന്നത് അവർക്ക് പ്രയോജനം ചെയ്യും. അത് അട്ടപ്പാടിക്കുവേണ്ടി മാത്രമല്ല ആദിവാസികളായിട്ടുള്ള കുട്ടികൾക്ക് കഴിയുന്നത്ര ഹോസ്റ്റലുകളിൽ സൗകര്യം കൊടുക്കാനും അവർക്കുവേണ്ടിയുള്ള ഹോസ്റ്റലുകളുടെ സൗകര്യം വർദ്ധിപ്പിക്കുവാനും കൂടുതൽ എണ്ണം സ്ഥാപിക്കുവാനും ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ട്. അങ്ങനെ സാദ്ധ്യമായിട്ടുള്ള എല്ലാകാര്യങ്ങളുമായും മുന്നോട്ടുപോകും. എന്നാലും നമുക്കവിടെ വളരെയേറെ കാര്യങ്ങൾ ഇനിയും

ചെയ്യാനുണ്ടെന്നുള്ള കാര്യം സമ്മതിക്കുന്നു. ആ കാര്യത്തിൽ പ്രത്യേക താൽപ്പര്യമെടുക്കും.

ശ്രീ. വി. ഡി. സതീശൻ: സർ, അട്ടപ്പാടിയിൽ നടന്നത് ശിശുമരണങ്ങളല്ല ശരിക്കും കൊലപാതകങ്ങളാണ്. ആരാണ് വില്ലൻ എന്ന അന്വേഷണം ചെന്നെത്തുമ്പോൾ വിരൽ ചൂണ്ടുന്നത് ഇപ്പുറത്തും അപ്പുറത്തും ഇരിക്കുന്നവരുടെ നേരെയായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ, കുഞ്ഞുങ്ങളുടെ പോഷകാഹാരക്കുറവല്ല അമ്മമാരുടെ പോഷകാഹാരക്കുറവാണ് ഇതിന് കാരണം. ഇത് ഈ സർക്കാർ വന്നതിനുശേഷം ഉണ്ടായിട്ടുള്ള കാര്യമല്ല, വർഷങ്ങളായിട്ടുള്ള പോഷകാഹാരക്കുറവാണ്. ആദിവാസി മേഖലയിൽ ആശുപത്രികളും റേഷൻ കടകളും അംഗൻവാടികളും ആശാവർക്കേഴ്സും ഹെൽത്ത് വോളന്റിയർമാരും കേന്ദ്രസംസ്ഥാന പദ്ധതികളുമുണ്ട്. എന്നാൽ ഇതിന്റെയൊന്നും പ്രയോജനം അവിടെ എത്തുന്നില്ല എന്നതാണ് യഥാർത്ഥ്യം. ഇതിന് ലീക്കേജ് ഉണ്ട്. എന്തുകൊണ്ടാണ് ഈ ലീക്കേജ് ഉണ്ടാകുന്നത് എന്ന് കണ്ടുപിടിക്കാനും കൃത്യമായ സൂപ്പർവിഷനോടുകൂടി സ്കീം നടത്താൻ വേണ്ടിയുമുള്ള ഒരു സംവിധാനം ഏർപ്പെടുത്തിയില്ലെങ്കിൽ കേരളത്തിന് ഇത് അപമാനകരമാണ്. സർക്കാർ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കുമോ?

പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് ഒറ്റപ്പാലം സബ്കളക്ടറുടെ നേതൃത്വത്തിൽ ഒരു ജനകീയ കമ്മിറ്റി രൂപീകരിക്കുകയും അതനുസരിച്ച് മൂന്ന് മീറ്റിംഗുകൾ നടക്കുകയും ചെയ്തു. ഈ വിഷയത്തെ ഗവൺമെന്റ് വളരെ ഗൗരവമായിട്ടാണ് കാണുന്നത്. അതുകൊണ്ടുതന്നെ എല്ലാ ഡിപ്പാർട്ടുമെന്റുകളുടെയും വിവിധ സ്കീമുകൾ കോ-ഓർഡിനേറ്റ് ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടെന്ന് സബ്കളക്ടറുടെ നേതൃത്വത്തിൽ പരിശോധിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. അതോടൊപ്പം റിപ്പോർട്ടുകൾ ലഭ്യമാക്കുന്ന കാര്യത്തിലും വളരെയേറെ ശ്രദ്ധ ചെലുത്തുന്നുണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട മെമ്പർ വി.ഡി. സതീശൻ പറഞ്ഞതുപോലെ അട്ടപ്പാടിയിലെ നവജാത ശിശു മരണങ്ങൾ കേരളത്തിന് ഏറ്റവും അപമാനകരമായ സംഭവം തന്നെയാണ്. ആ സംഭവത്തെക്കുറിച്ചുള്ള ഒരു ചോദ്യം, റിപ്പോർട്ട് ഒന്നും കിട്ടിയിട്ടില്ല എന്ന് പറഞ്ഞ് ബഹുമാനപ്പെട്ട മന്ത്രി ലഘൂകരിക്കുകയാണ് ചെയ്തത്. ഒരു സീനിയർ ഐ.എ.എസ് ഉദ്യോഗസ്ഥനായ എസ്. എം. വിജയാനന്ദി-ന്റെ നേതൃത്വത്തിൽ അട്ടപ്പാടിയിലെ കാര്യങ്ങൾ നേരിട്ട് നിരീക്ഷിക്കാനും പ്രതിവിധികൾ നിർദ്ദേശിക്കാനുമായി കേന്ദ്ര ഗവൺമെന്റ് ഒരു

കമ്മിറ്റിയെ നിയോഗിച്ചിരുന്നു. എന്നാൽ ഈ സംഭവത്തെ സംബന്ധിച്ച് പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ഇതുവരെയും കിട്ടിയില്ല എന്നുപറയുന്നു. ഈ സഭ കഴിയുന്നതിനുമുമ്പ് ഒരു ഇടക്കാല റിപ്പോർട്ടെങ്കിലും സഭയിൽ വയ്ക്കാൻ കഴിയുമോ; ഒരു കമ്മിറ്റിയെ നിയമിച്ചിട്ട് ഫോളോ അപ് ചെയ്യാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്, ഇക്കാര്യത്തിൽ ഗവൺമെന്റിന് ആത്മാർത്ഥതയില്ല. റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഗവൺമെന്റ് ശക്തമായി ഇടപെടണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. എസ്. എം. വിജയാനന്ദ് കേന്ദ്ര സെക്രട്ടറിയാണ്. കേന്ദ്ര ഗവൺമെന്റാണ് അദ്ദേഹത്തെ നിയമിച്ചത്. അദ്ദേഹം റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. അത് കേരള ഗവൺമെന്റ് നിയമിച്ച ഒരു കമ്മിറ്റിയല്ല. അതിന്റെ റിപ്പോർട്ട് കേന്ദ്രത്തിനാണ് സമർപ്പിക്കേണ്ടത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അട്ടപ്പാടിയിലെ വിഷയങ്ങളെ സംബന്ധിച്ച് അംഗങ്ങൾ ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ ഇതിനുമുമ്പും ഉന്നയിക്കപ്പെട്ടിട്ടുള്ളതാണ്. ഇതു സംബന്ധിച്ച് ഒരു കാര്യം ഞാൻ കഴിഞ്ഞ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അട്ടപ്പാടിയിൽ പ്രഖ്യാപിച്ച പദ്ധതികൾ പലപ്പോഴും ഉദ്യോഗസ്ഥന്മാരുടെ അലംഭാവം കൊണ്ട് കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കാൻ കഴിയുന്നില്ല. അതുകൊണ്ട് അത്തരം

പദ്ധതികൾക്ക് ഒരു സ്പീഡ് ട്രാക്ക്/ഗ്രീൻ ചാനൽ സംവിധാനം വേണം എന്നാവശ്യപ്പെട്ടിരുന്നു. ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താനുള്ളത്, ആദിവാസികൾ ആശുപത്രികളിൽ അഡ്മിറ്റാകാൻ വിമുഖത കാണിക്കുന്നുണ്ട്. അതിന് പരിഹാരമായി അഡ്മിറ്റാകുന്ന ആദിവാസി രോഗിക്ക് 150/- രൂപയും പരിചരിക്കാൻ നില്ക്കുന്ന ബൈസ്റ്റാൻഡർക്ക് 200/-രൂപയും കൊടുക്കുന്ന ഒരു പദ്ധതി ഈ ഗവൺമെന്റ് പ്രഖ്യാപിച്ചതാണ്. രോഗിയുടെ ഭക്ഷണത്തിനും നില്ക്കുന്ന ആൾക്കുള്ള ചെലവിനുമാണ് ഈ പണം കൊടുക്കുന്നത്. പക്ഷെ, പലപ്പോഴും ആ പണം നൽകുന്നത് മുടങ്ങുകയും ആദിവാസികൾ ആശുപത്രികളിൽ നിന്ന് സ്വയം ഡിസ്ചാർജ് ചെയ്ത് പോവുകയും ചെയ്യുന്ന സാഹചര്യവുമാണുള്ളത്. സാധാരണഗതിയിൽ ഫണ്ട് കിട്ടുന്നതിനുള്ള പലവിധ പ്രശ്നങ്ങൾ കാരണമാണ് ഇത് വൈകുന്നത്. ഈ കാര്യത്തിന്റെ ഗൗരവം ഉൾക്കൊണ്ട് ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതുവരെ ഒരു സ്പീഡ് ട്രാക്ക്/ ഗ്രീൻ ചാനൽ സംവിധാനം അട്ടപ്പാടിയിൽ ഉണ്ടാകുക എന്നുള്ളതാണ് ഇതിനുള്ള പരിഹാരം. ഹോസ്പിറ്റലിൽ അഡ്മിറ്റാകുന്നവർക്ക് നൽകുന്ന പണം ഇപ്പോൾ മുടങ്ങിയിരിക്കുകയാണ്, ഈ വിഷയത്തിനും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം എന്നഭ്യർത്ഥിക്കുന്നു.

കുമാരി പി. കെ. ജയലക്ഷ്മി: സർ, രോഗികളെ സഹായിക്കുന്ന

ബൈസ്റ്റാൻഡേഴ്സിന് 50/- രൂപയാണ് ആദ്യം കൊടുത്തുകൊണ്ടിരുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം അത് 200/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതുകൂടാതെ ചികിത്സയ്ക്കായി ഈ വർഷം എല്ലാ ജില്ലകളിലും ഡി.എം.ഒ. വഴി ഏഴ കോടി രൂപയോളം കൊടുത്തു. ഈ പ്രശ്നം പ്രത്യേകമായി ശ്രദ്ധിക്കാം. എന്തെങ്കിലും തടസ്സങ്ങളുണ്ടായിട്ടുണ്ടെങ്കിൽ പ്രത്യേകമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എം. ചന്ദ്രൻ:</u> സർ, അട്ടപ്പാടിയിൽ ഈ വർഷംതന്നെ 4 നവജാത ശിശുക്കൾ മരിക്കുകയുണ്ടായി. എം.പി.യായ ശ്രീ. എം. ബി. രാജേഷ് പാലക്കാട് നിരാഹാരം കിടന്നതിനെത്തുടർന്ന് ഒരു പതിനാലിന പാക്കേജ് അട്ടപ്പാടിക്കുവേണ്ടി സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. അതിൽ പ്രധാനപ്പെട്ടതാണ് വട്ടലക്കി ഫാമിംഗ് സൊസൈറ്റിയുടെ പ്രവർത്തനം നിർത്തി അവരുടെ കൈവശമുള്ള 1200 ഏക്കർ ഭൂമി ഭൂരഹിതരായ ആദിവാസികൾക്ക് ഉടനെ വിതരണം ചെയ്യുമെന്നുള്ളത്. ആദിവാസികളുടെ തനത് ഭക്ഷണമായ റാഗി റേഷൻകടകളിലൂടെ ലഭ്യമാക്കുമെന്നും ആ പാക്കേജിലുണ്ട്. ഈ പതിനാല് കാര്യങ്ങളിൽ ഒന്നോ രണ്ടോ കാര്യങ്ങൾ ഒഴികെ ആദിവാസികളുടെ ജീവിതവുമായി ബന്ധപ്പെട്ട് മറ്റൊന്നുംതന്നെ അവിടെ നടപ്പിലാക്കിയിട്ടില്ല. കേരള സർക്കാരിന്റെ വീഴ്ചയാണ് അട്ടപ്പാടിയിലെ

ശിശുമരണമെന്ന് ബഹുമാനപ്പെട്ട കേന്ദ്ര ശിശുക്ഷേമ വകുപ്പുമന്ത്രി ശ്രീമതി മേനക ഗാന്ധി ഇന്നലെ പ്രസ്താവിച്ചിരിക്കുകയാണ്. അതുകൊണ്ട് ആദിവാസികൾക്കുവേണ്ടി പ്രഖ്യാപിച്ച പതിനാലിന പാക്കേജ് നടപ്പിലാക്കാൻ അടിയന്തരമായ നടപടികൾ സ്വീകരിക്കുമോ; ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ?

കുമാരി പി. കെ. ജയലക്ഷ്മി: സർ, സംസ്ഥാനത്ത് സുപ്രീംകോടതിയുടെ വിധിയനുസരിച്ചുള്ള 7000 ഹെക്ടർ ഭൂമിയിൽപ്പെടുന്ന സ്ഥലം ആയതുകൊണ്ട് വട്ടലക്കി ഫാമിലെ ഭൂമി കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഒറ്റപ്പാലം സബ്കളക്ടറുടെയും വിവിധ ട്രൈബൽ സംഘടനകളുടെയും നേതാക്കളുടെയും നേതൃത്വത്തിൽ ജോയിന്റ് വെരിഫിക്കേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. വളരെ വേഗത്തിൽത്തന്നെ നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. പട്ടികവർഗ്ഗ വകുപ്പു മുഖേന നടപ്പിലാക്കുന്ന സ്കീമുകൾ എല്ലാ മാസവും കൃത്യമായി റിവ്യൂ ചെയ്യുകയും എവിടെയെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ അത് മാറ്റിക്കൊണ്ട് വളരെ പെട്ടെന്നുതന്നെ കാര്യങ്ങൾ ചെയ്യാനുള്ള നിർദ്ദേശം കൊടുക്കുകയും ചെയ്യും. അതുകൂടാതെ അവരുടെ പരമ്പരാഗതമായ കൃഷിരീതികളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പ് 3.8 ലക്ഷം രൂപ അനുവദിച്ചിരുന്നു. പരമ്പരാഗത കൃഷിക്ക് കൊടുത്ത ഫണ്ട് കൃത്യമായി വിനിയോഗിച്ചിട്ടുണ്ടെന്നുള്ളത് രണ്ടു മാസം മുമ്പ് അട്ടപ്പാടിയിലെ

ഏകദേശം എട്ടോളം ഊരുകളും അവരുടെ കൃഷിസ്ഥലങ്ങളും ഞാൻതന്നെ നേരിട്ട് സന്ദർശിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് വളരെയേറെ ശ്രദ്ധിക്കുന്നതാണ്.

<u>ശ്രീ. സി. പി. മുഹമ്മദ്</u> : സർ, അട്ടപ്പാടിയിലെ ആദിവാസി കുഞ്ഞുങ്ങളുടെ ശിശുമരണം ലോകശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മുൻ കേന്ദ്രമന്ത്രി ശ്രീ. ജയറാം രമേശും കോളനികളിലെ എല്ലാ വീടുകളും സന്ദർശിക്കുകയും അവർക്ക് ആവശ്യമായ കാര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു. കഴിഞ്ഞ ജില്ലാ വികസന സമിതിയിൽ അട്ടപ്പാടിയിലെ ഉദ്യോഗസ്ഥന്മാരെക്കുറിച്ച് ചോദിച്ച ഒരു ചോദ്യത്തിനു പറഞ്ഞ മറുപടിയിൽ എല്ലാ ഗവൺമെന്റിന്റെ കാലത്തും പണിഷ്മെന്റ് ട്രാൻസ്ഫർ നടത്തുന്ന ഒരു സ്ഥലമായി അട്ടപ്പാടി മാറിയിരിക്കുകയാണെന്നാണ്. അവിടെ പല ഡിപ്പാർട്ടുമെന്റുകളിലും ഉദ്യോഗസ്ഥന്മാരില്ല. മുഖ്യമന്ത്രി താല്പര്യമെടുത്ത് ഒറ്റപ്പാലം സബ്കളക്ടറെ നോഡൽ ഓഫീസറായി നിയമിച്ചുവെങ്കിലും അദ്ദേഹത്തിനും അവിടെ ഫുൾടൈം പ്രവർത്തിക്കാൻ സാധിക്കുന്നില്ല. അവിടെ ഒഴിവുള്ള മുഴുവൻ തസ്തികകളിലേയ്ക്കും നിയമനം നടത്തേണ്ടത് അത്യാവശ്യമാണ്. ഇനി ഒരിക്കലും അവിടെ ശിശുമരണം ഉണ്ടാകാൻ പാടില്ല. എന്നാൽ ഇതൊരു ആഘോഷമാക്കി മാറ്റുന്നത് ശരിയല്ല.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എസ്.എ.ടി. ആശുപത്രിയിൽ 35 കുട്ടികളാണ് മരിച്ചത്. അത് ആശുപത്രിയിലുള്ള രോഗാണുബാധകൊണ്ടാണോ പോഷകാഹാര കുറവുകൊണ്ടാണോ എന്ന് മന്ത്രി വ്യക്തമാക്കണം. രാഷ്ട്രീയത്തിനതീതമായി അട്ടപ്പാടിയിൽ ഇത് ആവർത്തിക്കാതിരിക്കാൻവേണ്ട നടപടി സ്വീകരിക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ആരോഗ്യവകുപ്പിന്റെ കീഴിൽ എസ്.എ.ടി.-യിൽ നടപ്പിലാക്കാൻ കഴിയുന്ന എല്ലാ പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കിയിട്ടുണ്ട്. ഓരോ മാസവും അത് അവലോകനം ചെയ്യുന്നുണ്ട്. ഒരു കുഞ്ഞ് മരിക്കുന്നതുപോലും വളരെ ദു:ഖകരമാണ്. അതിനാൽ ശിശുമരണം ഗണ്യമായി കുറയ്ക്കുന്നതിനുവേണ്ട നടപടികൾ വളരെ ഗൗരവത്തോടുകൂടി എടുത്തുകൊണ്ടിരിക്കുകയാണ്. എസ്.എ.ടി. ആശുപത്രിയിലെ മരണത്തെക്കുറിച്ച് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. എന്നാൽ ലോകത്ത് ഏറ്റവും കൂടുതൽ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കാൻ കഴിയുന്ന ആശുപത്രിയായി ഇന്ന് അത് മാറിയിട്ടുണ്ട്. കഴിഞ്ഞ നാല് വർഷങ്ങൾക്കുമുമ്പ് അവിടെ ശിശുമരണങ്ങൾ സംഭവിച്ചിരുന്നു. ഗണ്യമായ രീതിയിൽ ശിശുമരണനിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിയുന്ന അഭിമാനകരമായ പ്രവർത്തനമാണ് എസ്.എ.ടി.-യിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. വളരെ

ഫലപ്രദമായ രീതിയിൽ ട്രീറ്റ്മെന്റ് നൽകാൻ കഴിയുന്ന സർക്കാർ ആശുപത്രിയായി എസ്.എ.ടി.യെ ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല ഐ.വി.എഫ്. ട്രീറ്റ്മെന്റ് കൊടുക്കാൻ കഴിയുന്ന ദക്ഷിണേന്ത്യയിലെ ഏക സർക്കാർ ആശുപത്രിയായി എസ്.എ.ടി. ആശുപത്രിയെ മാറ്റിയെടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

ശ്രീ. കെ. രാജു : സർ, ആദിവാസികൾ അധിവസിക്കുന്ന ആര്യങ്കാവ്-അച്ചൻകോവിൽ മേഖലയിൽ മാതൃകാപരമായ ഒരു പദ്ധതി കൊല്ലം ജില്ലാപഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിയതിനുശേഷം ഒരു ആദിവാസി കുഞ്ഞിന്റെയും മരണം യഥാർത്ഥത്തിൽ കൊല്ലം ജില്ലയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. കൊല്ലം ജില്ലാ പഞ്ചായത്തിൽ നടക്കുന്ന ആ മാതൃകാപരമായ പദ്ധതി അട്ടപ്പാടിയിലും വ്യാപിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? ഗവൺമെന്റിനെക്കൊണ്ട് അതിന് സാധിക്കുന്നില്ലെങ്കിൽ പാലക്കാട് ജില്ലാ പഞ്ചായത്തിനെ ഏല്പിക്കുകയാണെങ്കിൽ ഈ പോഷകാഹാര പരിപാടി വിജയകരമായി നടത്തുവാൻ സാധിക്കും.

കുമാരി പി. കെ. ജയലക്ഷ്മി : സർ, അത് പരിശോധിക്കാം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, പട്ടിക വർഗ്ഗ കോളനികളിലെ പ്രശ്നങ്ങൾ

പരിഹരിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് വന്നതിനുശേഷം നിരവധി പദ്ധതികൾ ആവിഷ്ക്കരിക്കുകയും കോടിക്കണക്കിന് രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. മാത്രവുമല്ല പട്ടികവർഗ്ഗ കോളനികൾ സംരക്ഷിക്കുന്നതിനും അവിടത്തെ പ്രശ്നങ്ങൾ പുറത്തുകൊണ്ടുവരുന്നതിനുമായി പ്രൊമോട്ടർമാർ, ഹെൽത്ത് വോളന്റിയർമാർ, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയ നിരവധി സംവിധാനങ്ങളുമുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം അട്ടപ്പാടിയിൽ നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട് ഈ പ്രശ്നം പരിഹരിച്ചുകൊണ്ടുവരികയാണ്. വയനാട് ജില്ലയിൽ അടുത്ത കാലത്ത് റിപ്പോർട്ടുചെയ്യപ്പെട്ട പുതിയ രോഗമാണ് കുരങ്ങുപനി. അവിടെ 4 പേർ കുരങ്ങുപനി ബാധിച്ച് മരണമടയുകയുണ്ടായി. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയും പട്ടികവർഗ്ഗക്ഷേമ വകുപ്പ് മന്ത്രിയും കോളനികൾ സന്ദർശിച്ച് ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുത്തുവെങ്കിലും ഇപ്പോഴും കോളനിക്കാർ ആശങ്കയിലാണ്. കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നുണ്ടെങ്കിലും രോഗികളെ ആവശ്യമായ ട്രീറ്റ്മെന്റിന് വിധേയമാക്കാൻ കഴിയുന്നില്ല എന്ന യാഥാർത്ഥ്യം നിലനിൽക്കുകയാണ്. അതുകൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലെയും പട്ടികവർഗ്ഗ കോളനികളിൽ വ്യക്തമായ സർവ്വേ നടത്തി രോഗികളെ കണ്ടെത്തി ആവശ്യമായ ചികിത്സ നൽകാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീമതി പി. കെ. ജയലക്ഷ്മി</u> : സർ, കുരങ്ങുപനി വയനാട് ജില്ലയിലാണ് ആദ്യമായി റിപ്പോർട്ട് ചെയ്തത്. ചിയമ്പം കോളനിയിൽ ഈ അസുഖം ശ്രദ്ധയിൽപ്പെട്ടപ്പോൾതന്നെ ബഹുമാന്യനായ ആരോഗ്യ വകുപ്പുമന്ത്രിയും ഞാനും ബഹുമാന്യയായ എം.എൽ.എ.യും നേരിട്ട് കോളനികൾ സന്ദർശിക്കുകയും അവർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുകയും ചെയ്തു. മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് റിപ്പോർട്ട്ചെയ്ത അമ്പതോളം രോഗികൾക്ക് ചികിത്സയ്ക്കായി 10,000/- രൂപ വീതവും കുരങ്ങുപനി ബാധിച്ച് മരിച്ച പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നാല് പേരുടേയും ആശ്രിതർക്ക് രണ്ട് ലക്ഷം രൂപവീതവും പട്ടികവർഗ്ഗവികസന വകുപ്പ് നൽകിയിട്ടുണ്ട്. ആദിവാസികളുടെ ആരോഗ്യപരമായ കാര്യത്തിൽ പട്ടികവർഗ്ഗവികസന വകുപ്പ് പ്രത്യേകമായി ശ്രദ്ധിക്കുന്നുണ്ട്. ഈ വർഷം 7 കോടി രൂപയാണ് ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വികസന വകുപ്പ് ചെലവഴിച്ചിട്ടുള്ളത്. ആരോഗ്യ വകുപ്പിന്റെയും പട്ടികവർഗ്ഗവികസന വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ഒരു സർവ്വേ നടത്തുന്ന കാര്യം വകുപ്പ് തീർച്ചയായും ആലോചിക്കുന്നതാണ്.

<u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, അത്യന്തം ഗുരുതരമായ ഒരു വിഷയവുമായി ബന്ധപ്പെട്ട ഒരു ചോദ്യം ചോദിക്കുവാനാണ് ഞാൻ ഈ സമയം ഉപയോഗിക്കുന്നത്.

വളരെ വ്യാപകമായ തോതിൽ പേപ്പട്ടി വിഷബാധയേറ്റ് ജനങ്ങൾ ആശുപത്രിയിൽ എത്തിയാൽ അതിനുവേണ്ട സിറം ഇല്ലാത്ത സാഹചര്യമാണിന്നുള്ളത്. കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ ഇതുമായി ബന്ധപ്പെട്ട സിറം ലഭിക്കാനില്ല. കഴിഞ്ഞദിവസം മാനന്തവാടിയിലെ ആദിവാസി കുടുംബത്തിലെ ഒരു കുട്ടിയെ പേപ്പട്ടി കടിച്ചു, രണ്ട് ദിവസംമുമ്പ് എന്റെ മണ്ഡലത്തിലെ വിലങ്ങോട്ടും ഇതേ പ്രശ്നമുണ്ടായി. തിരുവമ്പാടി മണ്ഡലത്തിൽ മുക്കത്ത് പന്നിയുടെ ആക്രമണമുണ്ടായി. അപ്പോഴൊന്നും മരുന്നുകിട്ടാത്തതിനാൽ ജനങ്ങൾ മറ്റുസംസ്ഥാനങ്ങളിലെ വിവിധ ആശുപത്രികളിൽ അഭയം തേടുകയാണ്. കോയമ്പത്തൂർ, സേലം, വെല്ലൂർ മംഗലാപുരം തുടങ്ങിയ ആശുപത്രികളിൽ പോയാണ് മരുന്ന് ലഭ്യമാക്കുന്നത്. ഈ വിഷയം ഗവൺമെന്റ് ഗൗരവപൂർവ്വം കാണാത്തതിന്റെ ഒരു പ്രശ്നമാണിത്. ആദിവാസി മേഖലകളിൽ ഇതുപോലുള്ള സാഹചര്യമുണ്ടാകുമ്പോൾ അവർ ഇതുപോലെ വാഹനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് അന്യസംസ്ഥാനങ്ങളിൽപോയി ചികിത്സിക്കാനുള്ള യാതൊരു സാധ്യതയുമില്ല. ചൂടിന്റെ കാഠിന്യം വർദ്ധിച്ച മുറയ്ക്ക് പട്ടി, കുറുക്കൻ, പൂച്ച, പന്നി, കടവാവലുകൾ എന്നിവയിലേത് കടിച്ചാലും പേവിഷബാധ വ്യാപിക്കുന്ന സ്ഥിതി വന്നിട്ടുണ്ട്. ഇതിനൊരു പരിഹാരമുണ്ടാക്കാൻ സംസ്ഥാന ഗവൺമെന്റ്

സത്വര ശ്രദ്ധ കാണിച്ചില്ലെങ്കിൽ  അതിഭീകരമായ തോതിൽ ഭ്രാന്തിളകി മനുഷ്യൻ മരിക്കുന്ന ഒരു സാഹചര്യത്തിലേക്ക് കേരളം മാറാൻ ഇടയുണ്ട്. അതിനാൽ വളരെ ഗൗരവമായി ഈ പ്രശ്നത്തിന് പരിഹാരം കാണേണ്ടതാണ്. മരുന്ന് തീർന്നുപോകുമ്പോൾ ഉടൻതന്നെ മരുന്ന്  എത്തിച്ച് കടമ നിർവ്വഹിക്കുന്നതിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. ഈ വിഷയത്തിൽ ഗവൺമെന്റിന്റെ സത്വരമായ ശ്രദ്ധയുണ്ടാകണം എന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

ശ്രീ. വി. എസ്. ശിവകുമാർ : സർ, ബഹുമാന്യനായ എം.എൽ.എ.-യുടെ സഹധർമ്മിണിയടക്കമുള്ള 5 പേരെ ഇന്നലെ പേപ്പട്ടി കടിച്ചു എന്നുള്ള വിവരം അറിഞ്ഞയുടൻതന്നെ ഞാൻ അദ്ദേഹവുമായി ബന്ധപ്പെടുകയും കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇതിനുവേണ്ടുന്ന മരുന്ന് ഇല്ല എന്ന് മനസ്സിലാക്കിയതിനാൽ  ഉടൻതന്നെ തൃശ്ശൂർ മെഡിക്കൽ കോളേജിൽ അത് ഏർപ്പാട്ചെയ്തുകൊടുക്കുകയും ചെയ്തു. ഇന്ന് 2000 വയൽ (Vial) മരുന്ന് കേരളത്തിലുണ്ട്.  അത് തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ കാരുണ്യ ഫാർമസിവഴി ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2015 ജനുവരി മാസം 1200 വയൽ മരുന്ന് കൊണ്ടുവന്നു. 7200 വയൽ മരുന്നാണ് ഓർഡർ ചെയ്തതെങ്കിലും

പ്രൊഡക്ഷനില്ലാത്തതിനാൽ അത്രയും ലഭിച്ചില്ല. ഇന്ത്യയിലെ ഒരു കമ്പനിയും മരുന്ന് ഉല്പാദിപ്പിക്കുന്നില്ല. ഇംപോർട്ട് ലൈസൻസ് ഇല്ലാതെതന്നെ സാർക്ക് രാജ്യങ്ങളിൽനിന്നും മരുന്ന് വരുത്താം. എന്നാൽ ആ രാജ്യങ്ങളിൽ ഇപ്പോൾ പ്രൊഡക്ഷനില്ല. സംസ്ഥാനത്ത് ആന്റീ റാബീസ് വാക്സിൻ ഇഞ്ചക്ഷനായി 52000 എണ്ണം ഉണ്ട്. എന്നാൽ ഇപ്പോൾ ഡോക്ടർമാർ കുറിച്ചുകൊടുക്കുന്ന സിറം തന്നെ കുത്തിവയ്ക്കുമെന്നുള്ളതുകൊണ്ടും വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ ഡയറക്ഷനുള്ളതുകൊണ്ടും അതിന്റെ ആവശ്യം കൂടി. ഇന്ത്യയിൽ മരുന്നിന്റെ ഉല്പാദനം കഴിഞ്ഞ കാലഘട്ടങ്ങളിൽ ഉള്ളതുപോലെയായിരുന്നതുകൊണ്ട് ആവശ്യം കൂടിയപ്പോൾ ഈ മരുന്നിന് ദൗർലഭ്യം വന്നു. റാമെറ്റീരയൽസ് ഇംപോർട്ട് ചെയ്യുന്നതിനുള്ള അനുമതി കേന്ദ്രഗവൺമെന്റ് കൊടുത്താൽ മാത്രമേ കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഇപ്പോൾ ബഫർ സ്റ്റോക്കിൽ നിന്നാണ് 7200 വയൽ ഒർഡർ കൊടുത്തിട്ടുള്ളത്. 2000 വയൽ ഇന്നുവന്നു. അത് എല്ലാസ്ഥലത്തും എത്തിക്കും. 15-ാം തീയതി 7200 വയൽ ഇവിടെ എത്തിച്ചേരും. അപ്പോൾ ഈ രംഗത്തുള്ള പ്രശ്നം ഒഴിവാക്കാൻ സാധിക്കും. എന്തായാലും പ്രശ്നമുണ്ടാകുന്നിടത്തെല്ലാം അടിയന്തിരമായി മരുന്ന് എത്തിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. രണ്ട് ദിവസം മുമ്പ് ബഹുമാനപ്പെട്ട പ്രതിപക്ഷ

ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണനും ഇതേ ആവശ്യവുമായി വിളിച്ചിരുന്നു. മരുന്നിന് ദൗർലഭ്യമുണ്ടായിരുന്നു എന്നത് ശരിയാണ്. മരുന്ന് കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്ന് വയനാട് എത്തിക്കാൻ സാധിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള ഒരു അനാസ്ഥയല്ല മറിച്ച് പ്രൊഡക്ഷൻ ഇല്ലാത്തതുകൊണ്ടാണ് മരുന്ന് എത്തിക്കാൻ താമസമുണ്ടാകുന്നത്. അതിന് വേണ്ടുന്ന നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ആരോഗ്യവകുപ്പുമന്ത്രി ആ ചോദ്യത്തിന് വളരെ വ്യക്തമായി മറുപടി പറഞ്ഞു. മരുന്ന് ലഭ്യമായിട്ടുള്ള സാഹചര്യത്തെ കുറിച്ചും അദ്ദേഹം വിശദീകരിച്ചു. പക്ഷെ കുറച്ച് ദിവസത്തേയ്ക്ക് പല ആശുപത്രികളിലും മരുന്ന് ലഭ്യമാക്കി കൊടുക്കാൻ സാധിച്ചില്ല. അത് വളരെ വലിയ പ്രശ്നം തന്നെയാണെന്ന് ഗവൺമെന്റിന് അറിയാം. അതുകൊണ്ടുണ്ടായ ബുദ്ധിമുട്ടുകൾ പലരും എന്നെ അറിയിച്ചിരുന്നു. അതുകൊണ്ട് ഈ മരുന്ന് ഇല്ലാതിരുന്ന സമയത്ത് സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്ക് പോയവരുടെ ചികിത്സാചെലവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നൽകുന്നതായിരിക്കും. ഹെൽത്ത് ഡിപ്പാർട്ടുമെന്റ് വളരെയേറെ പരിശ്രമങ്ങൾ നടത്തിയതിന്റെ ഫലമായിട്ടാണ് ഇപ്പോൾ മരുന്ന് ലഭ്യമായത്. കഴിഞ്ഞ കുറെ ദിവസങ്ങളായി ഇതിന് വേണ്ടി

ഫോളോ അപ്പ് നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ഇപ്പോൾ മരുന്ന് കിട്ടി എന്നുള്ളത് വളരെ ആശ്വാസകരമായ ഒരു കാര്യമാണ്. ഇതിനിടയിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്ക് പോകേണ്ടിവന്നവർ ആരൊക്കെയെന്ന് എം.എൽ.എ.മാർ ശ്രദ്ധയിൽപ്പെടുത്തിയാൽ അവരുടെ ചികിത്സാ ചെലവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്നതായിരിക്കും.

ചീഫ് വിപ്പ് (ശ്രീ. പി.സി. ജോർജ്): സർ, പാവപ്പെട്ട ആദിവാസികളുടെ കാര്യം ഇത്ര സീരിയസായി ചർച്ച ചെയ്ത ഒരു സഭ ഇതുവരെ ഉണ്ടായിട്ടില്ല. അഭിമാനത്തോടുകൂടി ഞാൻ ഇതിനെ കാണുകയാണ്. നാലു മന്ത്രിമാർ മാറി മാറി ചോദ്യങ്ങൾക്ക് ഉത്തരം പറയേണ്ടി വന്നു. കാരണം അത് അത്രമാത്രം ഗൗരവമേറിയ പ്രശ്നമാണ്. എന്നാൽ ഇപ്പോൾ ആദിവാസികളുടെ വിഷയത്തിൽനിന്നും പേപ്പട്ടി വിഷബാധയിലേയ്ക്ക് വിഷയം മാറിയതിൽ എനിക്കുള്ള അഭിപ്രായവ്യത്യാസം ചൂണ്ടിക്കാണിക്കുന്നു, അത് മനസ്സിലാക്കേണ്ടതാണ്. പാവപ്പെട്ട ആദിവാസി ശിശുക്കളുടെ മരണത്തെ സംബന്ധിച്ച് ശ്രീ. വി. ഡി. സതീശൻ ചോദിച്ചത് ഇരുകക്ഷികളും മാറിമാറി ഭരിച്ചിട്ടും ഇതിന് എന്ത് പരിഹാരമാണ് കാണാൻ കഴിഞ്ഞത് എന്നാണ്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കാനുള്ളത്, കഴിഞ്ഞ 10 വർഷമായി കേരളത്തിലെ പാവപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക്

അനുവദിച്ച പണം എങ്ങനെ ചെലവഴിച്ചു എന്ന് ഒരു നിയമസഭാ കമ്മിറ്റിയെ വച്ച് പരിശോധിക്കാൻ അങ്ങ് തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, അങ്ങനെ ഒരു പരിശോധയിലേയ്ക്ക് ഞാൻ പോകുന്നില്ല. പക്ഷെ അങ്ങ് ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമാണ്. പണം വേണ്ട രീതിയിൽ വിനിയോഗിക്കാൻ സാധിച്ചിട്ടില്ല എന്നത് സത്യമാണ്. പക്ഷെ പണം എത്ര വിനിയോഗിച്ചാലും അതുകൊണ്ടുമാത്രം ഈ മേഖലയിലെ പ്രശ്നങ്ങൾ തീരുകയില്ല. ഉദ്യോഗസ്ഥരുടെ കുറവും അവിടെയെത്തുന്ന ഉദ്യോഗസ്ഥരുടെ മനോഭാവവുമാണ് ഒരു പ്രധാന കാരണം. സേവന മനോഭാവത്തോടുകൂടിയേ അവിടെ പ്രവർത്തിക്കാൻ സാധിക്കൂ. നിർഭാഗ്യവശാൽ അവിടേയ്ക്ക് അയയ്ക്കുന്ന ഉദ്യോഗസ്ഥന്മാർ മറ്റൊരു മാനസികാവസ്ഥയുള്ളവരാണ്. മറ്റൊന്ന്, ആനുകൂല്യങ്ങൾ ലഭിക്കേണ്ടുന്ന ഈ ജനവിഭാഗം ഒരു പ്രത്യേക രീതിയിലുള്ളവരാണ്. ഭക്ഷ്യധാന്യങ്ങൾ വീട്ടിൽ എത്തിച്ചുകൊടുത്താൽ പോലും പാചകം ചെയ്ത് കഴിക്കാൻ അവർ വൈമനസ്യം കാട്ടുന്നു. അതുകൊണ്ട് ബോധവൽക്കരണവും വളരെ കമ്മിറ്റ്മെന്റോടുകൂടിയിട്ടുള്ള പ്രവർത്തനവും അവിടെ ആവശ്യമാണ്. അതിനുവേണ്ടിയാണ് എല്ലാപേരും കൂട്ടായി പ്രവർത്തിക്കേണ്ടത്. അവിടേയക്ക് ആവശ്യത്തിന് ഉദ്യോഗസ്ഥരെ അയയ്ക്കാം, പുതിയ പോസ്റ്റുകൾ ഉണ്ടാക്കാം. പക്ഷെ

അവിടെ ചെല്ലുന്നവരുടെ മനോഭാവവും ആത്മാർത്ഥതയും ഒരു പ്രധാന ഘടകമാണ്. അതുകൊണ്ട് പൊതുപ്രവർത്തകർക്കും ഉദ്യോഗസ്ഥർക്കും ഗവൺമെന്റിന്റെ നയപരിപാടികൾക്കും ഇതിൽ വലിയൊരു പങ്കുണ്ട്. ഇതു മൂന്നംകൂടി ചേർന്നാലേ അട്ടപ്പാടി പോലുള്ള പ്രദേശങ്ങളിലെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ. അതല്ലാതെ ഒരു ഉത്തരവ് പുറപ്പെടുവിച്ചതുകൊണ്ടോ ഒരു പദ്ധതി പ്രഖ്യാപിച്ചതുകൊണ്ടോ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ സാധിക്കുകയില്ല. നമുക്ക് ആവശ്യം ഒരു കൂട്ടായ്മയാണ്. അതിന് വേണ്ടിയാണ് നമ്മളെല്ലാവരും ശ്രമിക്കേണ്ടത് എന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

(ചോദ്യകർത്താക്കളാരും ചോദ്യം ഉന്നയിക്കാൻ തയ്യാറാകാതിരുന്നതിനാൽ ചോദ്യം നം.*32 സഭയിൽ എടുത്തില്ല. )

## വ്യവസായ മേഖലകളിൽ ക്ലസ്റ്റർ ഡെവലപ്പ്മെന്റ്

*33. ശ്രീ. എം. വി. ശ്രേയാംസ് കുമാർ:
ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ഇടത്തരം വ്യവസായ മേഖലകളിൽ ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളെന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ,

(എ) ഉണ്ട്.

കേന്ദ്ര സൂക്ഷ്മ, ചെറുകിട, ഇടത്തരം എന്റർപ്രൈസസ് മന്ത്രാലയത്തിന്റെ മൈക്രോ സ്മാൾ എന്റർപ്രൈസ് ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പ്രോജക്ട് പ്രകാരമുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. സൂക്ഷ്മ ചെറുകിട വ്യവസായങ്ങളുടെ ശാക്തീകരണമാണ് ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പ്രോഗ്രാം കൊണ്ട് ഉദ്ദേശിക്കുന്നത്.

ഗുണനിലവാര പരിശോധന, പരിശീലനം, പൊതുസൗകര്യ സേവന കേന്ദ്രങ്ങൾ ആരംഭിക്കൽ, വിപണനം, പൊതുവായ ഒരു ബ്രാൻഡ് വികസിപ്പിക്കൽ, വായ്പകൾക്കുവേണ്ടി മൂച്ചൽ ക്രെഡിറ്റ് ഗ്യാരന്റി, അസംസ്കൃത സാധനങ്ങൾ വൻതോതിൽ ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ക്ലസ്റ്റർ വികസന പരിപാടിയുടെ ഭാഗമായി ലഭ്യമാക്കുന്നു.

(ബി) സാങ്കേതിക വിദ്യാ പുരോഗതി, ഗുണമേന്മ, പ്രവർത്തന മികവ്, വിപണിയുടെയും മൂലധനത്തിന്റെയും സാദ്ധ്യതകൾ എന്നീ പൊതു വിഷയങ്ങൾ അഭിമുഖീകരിക്കുവാൻ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ സഹായിക്കുക, നിർദ്ദിഷ്ട സംരംഭങ്ങളുടെ വളർച്ചയും നിലനിൽപ്പും ഉറപ്പുവരുത്തുക. അനുബന്ധ സംരംഭങ്ങളുടെ കാലാനുസൃതമായ മാറ്റത്തിനും കൂട്ടായ പ്രവർത്തനത്തിനും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ പര്യാപ്തമാക്കുക, പുതിയതും നിലവിലുള്ളതുമായ വ്യവസായ മേഖലകൾക്കും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ സംഘങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള അവസരങ്ങൾ മെച്ചപ്പെടുത്തുക, കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുക എന്നിവയാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. പദ്ധതി തുകയുടെ 70 ശതമാനം കേന്ദ്രവും 20 ശതമാനം സംസ്ഥാനവും 10 ശതമാനം ക്ലസ്റ്ററുകളും വഹിക്കുന്നു.

(സി) സംസ്ഥാനത്തെ 14 ക്ലസ്റ്റുകൾക്ക് കേന്ദ്ര സൂക്ഷ്മ ചെറുകിട ഇടത്തരം മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അവയിൽ 8 പദ്ധതികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ബാക്കി 6 പദ്ധതികൾ പൂർത്തിയായി വരുന്നു. മൂന്ന് പദ്ധതി നിർദ്ദേശങ്ങൾ കേന്ദ്രമന്ത്രാലയത്തിന്റെ പരിഗണനയിലാണ്. 2014-2015 കാലഘട്ടം വരെ 60 ക്ലസ്റ്ററുകൾ വ്യവസായ

വാണിജ്യ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u>: സർ, രണ്ടുവർഷം മുൻപ് യു.പി.എ. ഗവൺമെന്റ് കോഴിക്കോട്, ഗുജറാത്ത്, ഹൈദ്രാബാദ്, പാട്ന, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ ഫൂട് വെയർ ഡിസൈൻ ആന്റ് ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കാൻ തീരുമാനിച്ചു. എന്നാൽ സംസ്ഥാന സർക്കാർ ഈ സ്ഥാപനത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കാത്തതുകൊണ്ട് ആദ്യഘട്ടത്തിൽ അനുവദിച്ച 300 കോടി രൂപയിൽ 110 കോടി രൂപ ലാപ്സായി. മറ്റ് നാല് സംസ്ഥാനങ്ങളിൽ പദ്ധതി ആരംഭിച്ചു. കേന്ദ്രത്തിന്റെ Make in India പ്രോഗ്രാമിൽ ഇത്തരത്തിൽ 20 പദ്ധതികൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചു, ആയതിനാൽ ഈ പദ്ധതി സംസ്ഥാനത്ത് പുനരാരംഭിക്കാനുള്ള സാഹചര്യം ഇനിയും നിലനിൽക്കുന്നുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന്റെ തീരുമാനം വ്യക്തമാക്കുമോ?

(<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>): സർ, ഫണ്ട് പോരായ്മയുടെ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്. Make in India പ്രോഗ്രാമിന്റെ അടിസ്ഥാനത്തിൽ Make in Kerala എന്നൊരു പ്രോഗ്രാം വലിയ തോതിൽ നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഫിക്കി എറണാകുളത്ത് ഒരു വലിയ പ്രോഗ്രാം സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഓർഡർ.... ഓർഡർ....ചോദ്യോത്തരസമയം കഴിഞ്ഞു.